നിർമ്മാണം, ലോഡ്സ്മാർക്ക് ഇൻഡസ്ട്രിസുമായി ചേർന്നുള്ള ഇലക്ട്രിക്ക് സ്കൂട്ടർ നിർമ്മാണം എന്നിവയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

&

(സി) ഇതിനായി സർക്കാർ തലത്തിൽ ഏതൊക്കെ തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചതെന്നും നിർമ്മാണപ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

2019-20 സാമ്പത്തികവർഷം ഇ-ടെണ്ടർ നടപടികളിലൂടെ തുടങ്ങിവച്ച സ്വിറ്റ്സർലാന്റിലെ ഹെസ്സ് (HESS) കമ്പനിയുമായി ചേർന്നുള്ള ബസ് നിർമ്മാണ പദ്ധതി സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. സർക്കാരിന്റെ ഇലക്ട്രിക്ക് വെഹിക്കിൾ നയത്തിന്റെ ഭാഗമായി ഇലക്ട്രിക്ക് സ്കൂട്ടറിന്റെ വിപണനസാധ്യത പരിഗണിച്ചും കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന് ഇവ നിർമ്മിക്കുവാനുള്ള സാങ്കേതിക വിദ്യ ഇല്ലാത്തതിനാലും ഒരു സംയുക്ത സംരംഭമായി ഇലക്ട്രിക്ക് സ്കൂട്ടർ നിർമ്മിക്കുവാനുള്ള ഒരു Joint Venture കമ്പനി ആരംഭിക്കുവാൻ പദ്ധതിയുണ്ട്. ഇതിനായി ഇ-ടെണ്ടർ നടപടികളിലൂടെ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസ് എന്ന കമ്പനിയെ Joint Venture കമ്പനിയുടെ പാർട്ട്ണറായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസുമായി MOU ഒപ്പു വയ്ക്കുന്നതിന് കേരള ആട്ടോമോബൈൽസ് ലിമിറ്റഡിന് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. കേരള ആട്ടോമോബൈൽസ് ലിമിറ്റഡും ജപ്പാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന തോഷിബയുമായി ചേർന്ന് ലിഥിയം ടൈറ്റാനേറ്റ് ബാറ്ററി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഒരു പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് തോഷിബയെ ടെക്നോളജി പാർട്ട്ണറായി നിലനിർത്തി ലിഥിയം ടൈറ്റാനേറ്റ് ബാറ്ററി നിർമ്മിക്കുന്ന സാധ്യതകൾ പരിശോധിച്ച് വിശദമായ ഡി.പി.ആർ. സർക്കാരിന് സമർപ്പിക്കുവാൻ കേരള ആട്ടോമോബൈൽസ് ലിമിറ്റഡിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**വ്യവസായ സംരംഭങ്ങൾക്ക് സഹായം നൽകാൻ സർക്കാർ ഏജൻസി**

149 (1879) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭങ്ങൾക്ക് ബ്രാൻഡിംഗ്, മാർക്കറ്റ് റിസർച്ച്, ലേബലിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവയ്ക്ക് സഹായം നൽകുന്ന ഏതെങ്കിലും സർക്കാർ ഏജൻസി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഏതെങ്കിലും ഏജൻസിക്ക് സർക്കാർ തലത്തിൽ ചുമതല നൽകാമോ എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ സംരംഭങ്ങൾക്ക് ബ്രാൻഡിംഗ്, മാർക്കറ്റ് റിസർച്ച്, ലേബലിംഗ് മുതലായ സഹായം നൽകുന്ന പ്രത്യേക ഏജൻസി നിലവിൽ ഇല്ല. വാണിജ്യ മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് വ്യവസായ വകുപ്പിന് കീഴിൽ കൊമേഴ്സ് മിഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുതലായ സ്ഥാപനങ്ങൾ വിവിധ മേഖലകളിൽ മാർക്കറ്റ് റിസർച്ച് നടത്തി വരുന്നുണ്ട്. ഇതിനു പുറമേ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്ക് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ദേശീയ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് പ്രസ്തുത വിഷയങ്ങളിൽ പരിശീലന പരിപാടികളും നടത്തി വരുന്നുണ്ട്. വ്യവസായ മേഖലയിൽ 'കേരള' എന്ന ബ്രാൻഡ് അവതരിപ്പിക്കണമെന്ന വ്യവസായ ലോകം മുന്നോട്ടുവച്ച ആശയം നടപ്പിൽ വരുത്താൻ കഴിയുമോയെന്ന സാദ്ധ്യത പരിശോധിക്കുന്നതാണ്.

**വ്യാവസായിക നിക്ഷേപം ആകർഷിക്കാനുള്ള പദ്ധതികൾ**

150 (1880) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ വ്യാവസായിക നിക്ഷേപം കൊണ്ടു വരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വിവിധ സാമ്പത്തിക സഹായ പദ്ധതികളും മറ്റു പദ്ധതികളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് DIC, KSIDC, KINFRA മുഖേന ആവിഷ്കരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

DIC സംരംഭക സഹായ പദ്ധതി നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാൻഡ്, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായം, വ്യവസായ ഭദ്രത PMFME (Prime Ministers Formalisation of Micro Food Processing Enterprises), സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE) Kerala Single Window Interface for Fast and Transparent Clearance (KSWIFT 3.0), ഓൺലൈൻ ആയുള്ള വ്യവസായ ഭൂമിയുടെ അനുവദിക്കൽ, പുതിയ വ്യവസായ ഭൂമിയുടെ വികസനം, പ്രൈവറ്റ് ഇൻഡസ്ട്രിയൽ